ടെണ്ടറിന് നിരതദ്രവ്യം കെട്ടിവയ്ക്കുന്നതിനുള്ള മാനദണ്ഡം

112 (6030) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശഭരണ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾ സ്റ്റോർ പർച്ചേസ് പ്രകാരമുള്ള ടെണ്ടർ വിളിക്കുമ്പോൾ അതിൽ പങ്കെടുക്കുന്നവരിൽ ആരെയെങ്കിലും നിരതദ്രവ്യം കെട്ടിവെക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടോ ; എങ്കിൽ അതിനുള്ള മാനദണ്ഡം വ്യക്തമാക്കുമോ ;

(ബി) 2009-10 വർഷം അത്തരത്തിൽ ഒഴിവാക്കപ്പെട്ട സ്ഥാപനങ്ങൾ ഏതൊക്കെയെന്ന് വെളിപ്പെടുത്തുമോ ;

(സി) അർഹതയില്ലാത്തവരെ നിരതദ്രവ്യം കെട്ടി വയ്ക്കുന്നതിൽ നിന്നും ഒഴിവാക്കുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അത് പരിഹരിക്കാൻ ഏതു തരത്തിലുള്ള നിയന്ത്രണമാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ച് വരുന്നു.

തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സിഡ്കോ വിതരണം ചെയ്യുന്ന ഉപകരണങ്ങൾ

113 (6031) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിഡ്കോയിൽ നിന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്തൊക്കെ സാധനങ്ങളാണ് വിങ്ങുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സിഡ്കോ വിതരണം ചെയ്യുന്ന തെരുവ് വിളക്കുകൾക്കുള്ള ഉപകരണങ്ങൾ ഏത് കമ്പനി നിർമ്മിച്ചവയാണ് ; അവയുടെ വിതരണ ഏജൻസി ഏതാണെന്ന് വ്യക്തമാക്കുമോ ;

(സി) കൊല്ലം ജില്ലയിലെ ആർ.ജി. ഇലക്ട്രോണിക്സ് എന്ന സ്ഥാപനം സിഡ്കോ മുഖേന സാധനങ്ങൾ സപ്ലൈ ചെയ്യുന്നുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) സപ്ലൈ ചെയ്യുന്ന ഉപകരണങ്ങളുടെ വില നിശ്ചയിക്കാൻ സിഡ്കോയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) സ്റ്റോർ പർച്ചേസ് (എ) വകുപ്പിന്റെ 11-2-2009 ലെ ജി.ഒ.(ആർ.ടി) നം.11/2009 എസ്.പി.ഡി നം. ഉത്തരവ് പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സിഡ്കോയിൽ നിന്നും സ്റ്റീൽ/തടി എന്നിവയിൽ നിർമ്മിച്ച ഫർണിച്ചറുകൾ ടെണ്ടർ നടപടി ക്രമങ്ങൾ കൂടാതെ വാങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി -ഡി) വിവരങ്ങൾ ശേഖരിച്ച് വരുന്നു.

ദേശീയ തൊഴിലുറപ്പ് പദ്ധതി

114 (6032) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം വിഭാവന ചെയ്യുന്ന തരത്തിൽ പദ്ധതി നടപ്പിൽ വരുത്തുന്നതിനായി എന്തെങ്കിലും പ്രത്യേക സംവിധാനം നടപ്പിൽ വരുത്തുവാൻ സർക്കാർ ആലോചിക്കുന്നുണ്ടോ ; അതിന്റെ ഘടന വ്യക്തമാക്കാമോ ;

(ബി) ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ഒറ്റപ്പാലം അസംബ്ലി നിയോജകമണ്ഡലത്തിൽ എന്തെല്ലാം പ്രവർത്തനങ്ങൾ ആണ് നടത്തിയത് ; എത്ര രൂപയുടെ ; ഓരോ ഗ്രാമപഞ്ചായത്തിലും നടപ്പിലാക്കിയ പദ്ധതികൾ, ചെലവാക്കിയ തുക എന്നിവയുടെ വിശദാംശം ലഭ്യമാക്കാമോ ?

ഉത്തരം

(എ) ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം വിഭാവന ചെയ്യുന്ന തരത്തിൽ പദ്ധതി നടപ്പിൽ വരുത്തുന്നതിനായി നിലവിൽ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനതലത്തിൽ സംസ്ഥാന തൊഴിലുറപ്പ് മിഷൻ രൂപീകരിക്കുകയും മിഷൻ ഡയറക്ടറെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാന തൊഴിലുറപ്പ് മിഷന്റെ സുഗമമായ പ്രവർത്തനത്തിനായി 8 പ്രോഗ്രാം ഓഫീസർമാരെ നിയമിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ജില്ലാതലത്തിൽ ജില്ലാ പ്രോഗ്രാം കോ-ഓർഡിനേറ്റർക്ക് പുറമേ 8 ജില്ലകളിൽ ജോയിന്റ് പ്രോഗാം കോ-ഓർഡിനേറ്റർമാരേയും ബ്ളോക്ക് തലത്തിൽ 65 പ്രോഗ്രാം ഓഫീസർ മാരെയും നിയമിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

(ബി) ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ ഓരോ ഗ്രാമപഞ്ചായത്തിലും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുത്ത് നടത്തിയ പ്രവർത്തനങ്ങൾ താഴെപ്പറയുന്നവയാണ്.

1. ജലസംരക്ഷണവും ജല കൊയ്ത്തും.
2. വരൾച്ച തടയുന്നതിനുള്ള പ്രവർത്തനങ്ങൾ, വനസംരക്ഷണവും മരം വച്ചു പിടിപ്പിക്കലും ഉൾപ്പെടെയുള്ളവ.
3. ജലസേചനത്തോടുകൾ, ചെറുകിട ജലസേചന പദ്ധതികൾ ഉൾപ്പെടെയുള്ളവ
4. പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങളുടെ ഉടമസ്ഥതയിലുള്ള ഭൂമി, ഇന്ദിരാ ആവാസ് യോജനയുടെ ഗുണഭോക്താക്കളുടെ ഭൂമി, ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളുടെ ഭൂമി, 5 ഏക്കർ വരെ ഭൂമി യുള്ള ചെറുകിട നാമമാത്ര കർഷകരുടെ ഭൂമി എന്നിവയിൽ ജല സേചനം, ഭൂവികസനം, ഹോർട്ടി കൾച്ചർ എന്നീ പ്രവൃത്തികൾ.

LIBRARY ARCHIVES Kerala Legislative Assembly